Absence of infrastructure facility also leads to decline of quality education is self-financing professional colleges. An empirical enquiry conducted in the field of self-financing professional institutions of Kerala showed that there is serious inadequacy in infrastuctural facilities in these institutions. 90% of the students responded that inadequate infrastructure has effected their studies negatively.

## The Indian secnario

India is the third largest higher education system in the world after China and USA in terms of enrolment of students. It was over one crore in 2005-2006. India has 17,973 institutions with 363 universites and 17625 colleges. Of these there are 63 unaided deemed universities with enrolment of 60,000 students and 7650 unaided private colleges with enrollment of 31,50,000 students. Even though we have a qualitative improvement in the field of higher education sinces independences, higher education in India is miserably low in quality and efficency. Students enrolment has been increasing at an estimated rate of 7% between 1985-1995, but it later declined to 5.5%. Even then, the pathetic situation in India is that hardly 7 or 8 percent of population with age of 17-23 years is enrolled in the institution of higher education. This is below the average of enrolment for Asian countries. Large number of young population are negated chances of joining higher education in the country (UGC 2006) . The Government on the other hand is relavent to invest in the public education system and due to the severe shortage of public spending, students are increasingly looking to private education .

According to the AEP study ( Comparative Study of Emerging Economies on Quality of Education ) India was ranked at the second last places among seven developing countries in terms of education quality as it score minimum point in primary, secondary, tertiary and demographic parameters as compared to other six emerging economies of the world (Nitya N R :2009) Despite a number of intiatives to improve quality and to repulate higher education under the central and state Governments, the situation stands unchanged throughout the nation. Specialist statutory agencies concerned with particular areas likes the UGC, AICT MCI etc have put forward norms for determining and maintaining standards of teaching, examination and research in universities

New intiatives like NAAC (National Assesments and Accrediatation Council) for assessing and accreditig institution of higher learning, professional association like Bar Council of India, the Indian Council of Medical Research the Institute of Chartered Accountants etc have intiated steps to improve qualites of education in their respective fields. Still, the standardisation goal remain unattained in the country. A data published by the NAAC(2006) shows that among the 14000 institutions of higher learning ranked by it during the past few years only 9% of institution come under *higher quality* level and 66% of the institutions come under medium quality level and 24% comes under *low quality* ie., not upto the minimum level of functional standards. The data showed that more than 11000 institutions who are persumably self financing and non permanent institutions, are not yet assessed at all (UGC:2006) ∎

*(The Secnerio in Kerala in next issue)*

**എം.എസ്.വസന്തകുമാർ**
*എസ്.എൻ.കോളജ്, കൊല്ലം*

# പരിണമിക്കുന്ന പരിണാമസിദ്ധാന്തം

**മഹാനായ ചാൾസ് ഡാർവിന് 200 തികഞ്ഞു. അദ്ദേഹത്തിന്റെ വിഖ്യാതമായ 'ഒറിജിൻ ഓഫ് സ്പീഷീസ്' എന്ന പരിണാമസിദ്ധാന്ത ഗ്രന്ഥത്തിന് 150 വയസ്സുമായി. പരിണാമസിദ്ധാന്തം തന്നെ കുതിക്കുന്ന ശാസ്ത്രവെളിപാടുകൾക്ക് വിധേയമായി പരിണമിക്കുന്ന കാഴ്ചയാണ് കടന്നുപോയ സംവത്സരങ്ങൾ നമുക്ക് കാട്ടിത്തരുന്നത്.**



പതിനേഴാം നൂറ്റാണ്ടിന്റെ അന്ത്യംവരെ ജീവന്റെയും ജീവിവർഗങ്ങളുടെയും മനുഷ്യന്റെയും ഉൽപത്തിയെപ്പറ്റി വസ്തുനിഷ്ഠമായ അറിവുനേടാനോ തെളിവുകൾ ഹാജരാക്കാനോ ദാർശനികർക്കും ചിന്തകർക്കും പ്രകൃതി നിരീക്ഷകർക്കും കഴിഞ്ഞിരുന്നില്ല.

തെയിൽസ് എന്ന ഗ്രീക്ക് ദാർശനികൻ എല്ലാ ജീവജാലങ്ങളുടെയും ഉത്ഭവം ജലത്തിലാണ് എന്ന് സമർത്ഥിച്ചു. ആറാം ശതകം ബി.സി.യിലായിരുന്നു ഇത്. ബി.സി 611-545 കാലത്ത് അനാക്സിമാൻഡർ മനുഷ്യന്റെ തുടക്കം മത്സ്യത്തിൽ നിന്നാണെന്ന് പറഞ്ഞു. എല്ലാറ്റിന്റെയും ഉത്ഭവം അഗ്നിയിൽ നിന്നാണെന്ന് ഹെറാക്ലിറ്റസ് (അഞ്ചാം ശതകം) പറഞ്ഞു; വായു, ഭൂമി, ജലം, അഗ്നി എന്നിവയിൽ നിന്നാണെന്ന് എംപിഡോക്ലിസ് (495 - 435 ബി.സി) പറഞ്ഞു. ഡെമോക്രിറ്റസ് എല്ലാറ്റിനും അടിസ്ഥാനം ആറ്റം ആണെന്ന് പറഞ്ഞു. ഭാരതീയനായ കണാദൻ ഇക്കാര്യം തന്നെ സൂചിപ്പിച്ചിരുന്നു. അരിസ്റ്റോട്ടിൽ ആകട്ടെ, ജീവനില്ലാത്തവ, ചെടികൾ, സസ്യജന്തു സങ്കരങ്ങൾ, ജന്തുക്കൾ, മനുഷ്യൻ എന്നിങ്ങനെ ഔന്നത്യത്തിന്റെ ഒരു വർദ്ധിച്ചുവരുന്ന ക്രമം അഥവാ തരംതിരിവ് (gradation) പ്രകൃതിയിൽ ഉണ്ടെന്ന് പ്രസ്താവിച്ചു.

ക്രിസ്തുമത പൗരോഹിത്യം എല്ലാ സ്വതന്ത്ര ചിന്താധാരകളെയും ചിറകെട്ടിത്തടയാൻ ശ്രമിച്ച രണ്ട് പതിറ്റാണ്ടോളം കാലം യൂറോപ്പിൽ ബി. സി. മൂന്നാം നൂറ്റാണ്ട് മുതൽ എ.ഡി. 15-ാം നൂറ്റാണ്ട് വരെ നിലനിന്നു. ആ അന്ധകാരയുഗം അവസാനിച്ചത്, വളർന്നു വന്ന അന്തർദേശീയ വ്യാപാരവും അച്ചടിയുടെ വികാസവും ശാസ്ത്രീയ കണ്ടുപിടിത്തങ്ങളും പുത്തുലഞ്ഞ വസന്ത കാലം ആരംഭിച്ചപ്പോഴാണ്. കോപ്പർനിക്കസ്, ബ്രൂണോ, ഗലീലിയോ, ന്യൂട്ടൺ, വോൾട്ടയർ തുടങ്ങിയ ദാർശനിക ശാസ്ത്രജ്ഞർ കൊളുത്തിയ നവോത്ഥാന ദീപപ്രഭ മനുഷ്യകുലത്തെ തഴുകിയപ്പോഴാണ് യൂറോപ്പിനെ മതം എന്ന നീരാളി പിടിവിട്ടത്. സസ്യങ്ങളെയും,




ജന്തുക്കളെയും വർഗീകരിച്ച് ദ്വിപദനാമകരണം (Binominal Nominclature) ചെയ്തത് വോൺലിന്നയസ് ആയിരുന്നു. ഇതേകാലത്ത് ജീവിച്ചിരുന്ന ആളായിരുന്നു എറാസ്മസ് ഡാർവിൻ (1731-1802). അദ്ദേഹം ചാൾസ് ഡാർവിന്റെ മുത്തച്ഛനായിരുന്നു. ഈശ്വരനാണ് സൃഷ്ടികർത്താവ് എന്ന പ്രബല വിശ്വാസത്തിന്റെ കാലമായിരുന്നു അത്. ലിന്നയസും എറാസ്മസും അതേ വിശ്വാസക്കാരായിരുന്നു. എങ്കിലും ജീവികൾ നിലനില്പിനായി മത്സരിക്കുന്നു എന്നും ആ മത്സരം പുതിയ സ്വഭാവം ആർജിക്കുന്നതിന് കാരണമാകുന്നു എന്നും ദശലക്ഷക്കണക്കിന് വർഷംകൊണ്ടാണ് ജീവജാലങ്ങൾ ഇന്നത്തെ രൂപം പ്രാപിച്ചത് എന്നും എറാസ്മസ് ഡാർവിൻ പറഞ്ഞു. അദ്ദേഹത്തിന്റെ സമകാലികനായിരുന്ന ബാപ്റ്റിസ്റ്റ് ലാമാർക്ക് സൃഷ്ടിവാദത്തെ എതിർത്തു. പ്രകൃതി നൽകുന്ന സാഹചര്യങ്ങളുടെ സമ്മർദ്ദത്തിൽ ജീവികളുടെ ശരീരഘടനയിൽ ആവശ്യാനുസരണം മാറ്റമുണ്ടാകുന്നു എന്ന് ലാമാർക്ക് തന്റെ 'ഫിലോസഫി സുവോളജിക്' എന്ന ഗ്രന്ഥത്തിൽ സമർത്ഥിച്ചു. സ്വയാർജിതമായ ഈ ശാരീരികമാറ്റങ്ങൾ അടുത്ത തലമുറയിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്നു എന്നുള്ള പരിണാമ ചിന്താഗതി ലാമാർക്കിന്റേതാണ്.

## ഡാർവിനിസം

ഇങ്ങനെ ഡാർവിന്റെ പൂർവ്വിക ശാസ്ത്രവിദുഷികൾ സമർപ്പിച്ച പരിണാമ ചിന്താനുറുങ്ങുകൾ ചേർത്ത് വിശാലവും വ്യക്തവും ശാസ്ത്രീയവുമായ തെളിവുകൾ നിരത്തി അവതരിപ്പിച്ചാണ് പരിണാമസിദ്ധാന്തം ചാൾസ് ഡാർവിൻ ലോകത്തിന് സമ്മാനിച്ചത്. പരിണാമ പ്രക്രിയയ്ക്ക് ശാസ്ത്രീയമായ താത്വിക പ്രൗഢി പകർന്നുവെങ്കിലും ജീവജാലങ്ങളുടെ ഉത്ഭവ പരിണാമ ചരിത്രമെഴുതാൻ ഡാർവിന് കഴിഞ്ഞില്ല. തന്റെ സിദ്ധാന്തത്തിന് ആവശ്യമായ എല്ലാ തെളിവുകളും വിശദീകരണങ്ങളും നൽകാൻ ആകാഞ്ഞതിൽ അദ്ദേഹം ഖിന്നനായിരുന്നു. എങ്കിലും ഒറ്റ മനുഷ്യജന്മംകൊണ്ട് അസാദ്ധ്യമായ ആ ദൗത്യം ഏറ്റെടുക്കാൻ പുതിയ പ്രതിഭാങ്കുരങ്ങൾക്ക് കഴിയും എന്ന് ഡാർവിൻ പ്രത്യാശിച്ചിരുന്നു.

ആ പ്രത്യാശയെ സ്ഥാനഭദ്രമാക്കിക്കൊണ്ട് പിൽക്കാലത്ത് ധാരാളം ശാസ്ത്രജ്ഞർ പരിണാമവാദത്തെ പുഷ്ടിപ്പെടുത്തി നവസംഭാവനകളും കൂട്ടിച്ചേർക്കലുകളും നൽകിക്കൊണ്ടിരുന്നു. യൂറോപ്പിൽ ഡാർവിന്റെ കാലയളവിൽത്തന്നെ ഗ്രിഗർ ജൊഹാൻ മെൻഡൽ എന്ന പുരോഹിതനായ ഒരു ശാസ്ത്രജ്ഞൻ ഉണ്ടായിരുന്നു. സസ്യശാസ്ത്രവും കണക്കും നല്ല വശമുണ്ടായിരുന്ന മെൻഡൽ രൂപപ്പെടുത്തിയ സിദ്ധാന്തം *മെൻഡലിസം* എന്ന് അറിയപ്പെട്ടു. ജീവികളുടെ സ്വഭാവങ്ങൾ അടുത്ത തലമുറയിലേക്ക് പകരുമ്പോൾ തമ്മിൽ കൂടിച്ചേരില്ല എന്നും അവ യൂണിറ്റുകൾ (factors)ആയിട്ടാണ് കാണുന്നത് എന്നും മെൻഡൽ പറഞ്ഞു. എപ്പോഴും സ്വത്വം നിലനിർത്തിക്കൊണ്ട് ഉയർന്ന ജീവികളിൽ ഓരോ സ്വഭാവവും ജോടികളായി കാണപ്പെടുമെന്നും മെൻഡൽ സിദ്ധാന്തിച്ചു. ജോടികളിൽ ഒന്ന് സജീവ വ്യക്തമായും (dominant) മറ്റൊന്ന് ലുപ്തമായും (recessive) നിലനിൽക്കും. ഫാക്ടേഴ്സ് ഇന്ന് ജീനുകൾ ആണെന്നും അവ ന്യൂക്ലിക്ക് ആസിഡുകൾ ആണെന്നും നമുക്കറിയാം.

എന്നാൽ ഡാർവിനിസത്തിന്റെ പ്രഭയിൽ അന്ന് മങ്ങിപ്പോയ മെൻഡലിസം പുതുജീവൻ ആർജ്ജിക്കുന്നത് 1990ൽ ആണ്. ഹോളണ്ടിൽ നിന്ന് ഡ്രീവിസും ജർമനിയിൽ നിന്ന് ഷെർമാർക്കും വെവ്വേറെ ചെയ്ത പരീക്ഷണങ്ങൾ മെൻഡലിസത്തെ ശരിവയ്ക്കുന്നവ ആയിരുന്നു. ഇന്ന് ഡാർവിനിസത്തിന് അത് കരുത്തു കൂടി പകരുന്നു.

## ഒറിജിൻ ഓഫ് സ്പീഷീസ്

1859 നവംബർ 24നാണ് ജീവപരിണാമത്തെകുറിച്ചുള്ള അടിസ്ഥാന ആശയങ്ങൾ അവതരിപ്പിച്ചുകൊണ്ട് ബ്രിട്ടീഷ് ശാസ്ത്രജ്ഞനായ ചാൾസ് ഡാർവിൻ തന്റെ വിശ്വപ്രസിദ്ധമായ 'ഒറിജിൻ ഓഫ് സ്പീഷീസ്' പ്രസിദ്ധീകരിച്ചത്.

ഇത്രയേറെ ചർച്ചകൾക്കും വിവാദങ്ങൾക്കും തിരികൊളുത്തിയ ഒരു ശാസ്ത്രപുസ്തകം വേറെ ഉണ്ടായിട്ടില്ല. 'ജീവജാതികളുടെ ഉത്ഭവം' എന്ന ആ ഗ്രന്ഥത്തിന് 14 അദ്ധ്യായങ്ങളും ആമുഖവും ഉണ്ട്.

## ജനനം :

1809 ഫെബ്രുവരി 12ന് ആണ് റോബർട്ട് വാറിംഗ് ഡാർവിന്റെയും സൂസന്നയുടെയും രണ്ടാമത്തെ പുത്രനായി ചാൾസ് ഡാർവിൻ ജനിച്ചത്. മുത്തച്ഛൻ എറാസ്മസും അച്ഛൻ റോബർട്ട് വാറിംഗും നല്ല പ്രാക്ടീസുള്ള ഡോക്ടർമാരായിരുന്നു. മുത്തച്ഛൻ അറിയപ്പെടുന്ന പ്രകൃതിശാസ്ത്രജ്ഞൻ കൂടി ആയിരുന്നു.

വളരെ ചെറുപ്പത്തിൽത്തന്നെ ചുറ്റുപാടുമുള്ള ജീവി

കളെ നിരീക്ഷിക്കുന്നതിനും ശേഖരിക്കുന്നതിനും ഡാർവിൻ താല്പര്യം കാട്ടി. കുട്ടിക്കാലത്ത് തന്നെ അമ്മ മരിച്ചുപോയി. പഠിച്ച ഷ്റൂസ്ബറി സ്ക്കൂളിൽ ഒരു ശരാശരി വിദ്യാർത്ഥി ആയിരുന്നു ഡാർവിൻ. പ്രകൃതിനിരീക്ഷണ കൗതുകവും സരസമായ ജന്തുകഥകൾ ചമയ്ക്കുന്നതുമായിരുന്നു കുട്ടിക്കാലത്ത് ഡാർവിന്റെ പ്രത്യേകതകൾ. അച്ഛൻ ഭിഷഗ്വര ദൗത്യം ഏറ്റെടുക്കാൻ ഡാർവിനെ പതിനാറാം വയസ്സിൽ വൈദ്യ ശാസ്ത്രപഠനത്തിന് വിട്ടു. രണ്ട് വർഷം തികയുന്നതിന് മുമ്പ് അത് ഉപേക്ഷിക്കാനിടയായി. ഈ കാലയളവിൽ ജൈവ ശാസ്ത്രജ്ഞൻ റോബർട്ട് ഗ്രാന്റുമായി പരിചയപ്പെട്ടു. ഭൂഗർഭശാസ്ത്രജ്ഞൻ റോബർട്ട് ജയിംസിനോടും അടുത്തിടപെടാൻ ഡാർവിന് കഴിഞ്ഞു. പിന്നീട് ദൈവ ശാസ്ത്രം പഠനത്തിന് പോയ ഡാർവിന് എന്റമോളജിസ്റ്റ് (കീട-ശലഭ ശാസ്ത്രജ്ഞൻ) ആയ വില്യം ഫോക്സുമായി പരിചയപ്പെടാൻ കഴിഞ്ഞു. പൂർത്തിയാക്കാത്ത ദൈവശാസ്ത്ര പഠനമുപേക്ഷിച്ച് ഡാർവിൻ ഭൗമശാസ്ത്രപഠനത്തിന് പോയി.

## ബീഗിൾസ് യാത്ര

റോബർട്ട്ഫിറ്റ്സ് എന്ന യുവ നാവികന്റെ നേതൃത്വത്തിൽ എച്ച്.എം.എസ് ബീഗിൾ എന്ന കപ്പലിൽ ഒരു ബ്രിട്ടീഷ് പഠനപര്യവേഷണ സംഘം, തെക്കേ അമേരിക്ക, ഗാലപ്പഗോസ് ദ്വീപുകൾ എന്നിവിടങ്ങളിലേക്ക് യാത്ര പുറപ്പെട്ടു. ഡാർവിനും അതിൽ കയറിക്കൂടി.

2 വർഷം നീണ്ടയാത്രയായിരുന്നു ലക്ഷ്യമെങ്കിലും അത് അഞ്ച് വർഷം നീണ്ടുപോയി. ഈ യാത്രയിൽ ധാരാളം സസ്യങ്ങളുടെയും ജന്തുക്കളുടെയും ഫോസിലുകളുടെയും സാമ്പിൾ ശേഖരിച്ച് അവയെപ്പറ്റി വിശദമായ കുറിപ്പുകൾ തയ്യാറാക്കുകയും ചെയ്തു. എത്തുന്ന കരകളിൽ നിരീക്ഷകനായി ഡാർവിൻ ഏറെ സമയം ചെലവിട്ടു. കരുതിവച്ചിരുന്ന ഭൗമശാസ്ത്ര ഗ്രന്ഥങ്ങൾ യാത്രാവേളകളിൽ ഏറെ വായിച്ചു.

യാത്രയ്ക്കിടയിൽ ധാരാളം ലേഖനങ്ങൾ എഴുതി പ്രസിദ്ധീകരിച്ചു. 'പ്രിൻസിപ്പിൾസ് ഓഫ് ജിയോളജി' എന്ന ചാൾസ് ലേയലിന്റെ ഗ്രന്ഥം ഡാർവിനെ സ്വാധീനിച്ചു. തന്റെ ലേഖനങ്ങൾ പലതും ചാൾസ് ലേയലിന് ഡാർവിൻ അയച്ചുകൊടുത്തു. ശ്രദ്ധേയങ്ങളായ ലേഖനങ്ങളിലൂടെ ചാൾസ്ഡാർവിൻ പ്രസിദ്ധനാവുകയും ചെയ്തു.

## ലണ്ടനിൽ മടങ്ങിയെത്തുന്നു

നീണ്ട അഞ്ചുവർഷങ്ങളുടെ ക്ലേശകരമായ യാത്രാകാലം ഡാർവിനെ ആരോഗ്യപരമായി ബാധിച്ചു. അംഗീകാരങ്ങളും ഫെല്ലോഷിപ്പുകളും ശാസ്ത്ര സമിതി അംഗത്വങ്ങളും ഡാർവിനെ മറുഭാഗത്ത് ആദരിച്ചുകൊണ്ടുമിരുന്നു. 1839ൽ എമ്മാ വെഡ്ജ്വുഡിനെ കല്യാണം കഴിച്ച ഡാർവിന്, അവരിൽ പത്ത് മക്കളുണ്ടായി.

വീണ്ടും ലേഖനങ്ങൾ എഴുതി പ്രസിദ്ധീകരിക്കുന്നതിന് ഡാർവിൻ ശ്രദ്ധ ചെലുത്തി. അന്നുവരെയുള്ള നിരീക്ഷണ പഠനങ്ങളുടെ പ്രേരണയായി ഡാർവിന്റെ അന്തരംഗത്തിൽ ഒരു സിദ്ധാന്തം പിറവികൊള്ളുകയായിരുന്നു. അത് പ്രകാശിപ്പിക്കുവാൻ വേണ്ട കൂടുതൽ അന്വേഷണങ്ങൾക്ക് വേണ്ടി ജീവികളുടെ ഉത്ഭവ പരിണാമങ്ങളെപ്പറ്റി ചോദ്യാവലികൾ തയ്യാറാക്കി. ഉദ്യാനപാലകർക്കും ശാസ്ത്രജ്ഞർക്കും കർഷകർക്കും



അദ്ധ്യാപകർക്കും അത് നൽകി. ഉത്തരങ്ങൾ സമ്പാദിച്ച് തന്റെ സൈദ്ധാന്തിക സ്വപ്നം സാക്ഷാത്കരിക്കുവാൻ യത്നിച്ചു. തന്റെ സിദ്ധാന്തത്തിന് ശക്തിപകരുവാൻ ഒരു പത്തുവർഷം കൂടി ഇതര ഗവേഷണാന്വേഷണങ്ങളിൽ ഡാർവിൻ വ്യാപൃതനായി.

തന്റെ കണ്ടെത്തലുകൾക്ക് ഒരു നിയതരൂപം നൽകി 1842-ൽ ഡാർവിൻ തന്റെ സുഹൃത്തും സസ്യശാസ്ത്രജ്ഞനുമായിരുന്നു ജെ.ഡി. ഹുക്കറിനെ കാണിച്ചു. ലജ്ജാശീലനായിരുന്ന ഡാർവിന് ആ രേഖ പ്രസിദ്ധീകരിക്കാൻ ധൈര്യമില്ലായിരുന്നു. റസ്സൽവാലേസ് എന്ന യുവ പ്രകൃതി ശാസ്ത്രജ്ഞൻ തന്റെ പരിണാമസിദ്ധാന്തത്തിന് സമാനമായ ഒരു സിദ്ധാന്തം രൂപപ്പെടുത്തി. ചാൾസ് ലേയൽ ഡാർവിന്റെ ലേഖനവും വാലേസിന്റെ രേഖയും സംയുക്തലേഖനമാക്കി 'പരിണാമസിദ്ധാന്ത'ത്തിന്റെ രൂപരേഖ ലിന്നയൻ സൊസൈറ്റി ജേണലിൽ പ്രസിദ്ധപ്പെടുത്തുവാൻ മുൻകൈ എടുത്തു.


Charles Darwin

പരിണാമത്തെപ്പറ്റിയുള്ള ഒരു മഹാഗ്രന്ഥമായി, 'on the Origin of Species by means of Natural Selection' എന്ന പേരിൽ 1859 നവംബർ 24-ാം തീയതി ചാൾസ് ഡാർവിൻ പ്രസിദ്ധീകരിച്ചു. കേവലം 1250 കോപ്പികളാണ് ആദ്യം അച്ചടിച്ച് ഇറക്കിയത്. പക്ഷെ ഒരു വ്യാഴവട്ടംകൊണ്ട് ആറ് പതിപ്പുകൾ പുറത്തിറങ്ങി.

ജീവികളിലെ ശരീരഘടനയിലുണ്ടാകുന്ന ചെറിയ വ്യതിയാനങ്ങൾ തലമുറകളിലൂടെ കൈമാറ്റം ചെയ്യപ്പെടുമെന്ന് ഡാർവിൻ ഈ പുസ്തകത്തിൽ സമർത്ഥിച്ചു. ഈ വ്യതിയാനങ്ങൾ പുതിയ ജീവികൾക്ക് തന്നെ രൂപം നൽകും. വളരെ പണ്ട് ഒരു പൊതു പൂർവ്വികനിൽ നിന്ന് ഉരുത്തിരിഞ്ഞതാണ് ഇന്ന് കാണുന്ന എല്ലാ ജീവജാലങ്ങളുമെന്ന് ഡാർവിൻ അനുമാനിക്കുന്നു. ഇതിനുള്ള മുഖ്യകാരണം പ്രകൃതിനിർധാരണമാണെന്ന് (Natural Selection) അദ്ദേഹം പറയുന്നു. തനിക്ക് വ്യക്തമാക്കാൻ കഴിയാത്ത സമസ്യകൾക്ക് വരും തലമുറ സുതാര്യത പകരും എന്ന് ഡാർവിൻ പ്രത്യാശിക്കുന്നു.

## മതത്തോടുള്ള സമീപനം

ഡാർവിന്റെ പരിണാമസിദ്ധാന്തം ബൈബിൾ ഉല്പത്തിപ്പുസ്തകത്തിലെ സൃഷ്ടി സങ്കല്പത്തിന് എതിരായിരുന്നു. അന്ന് അതിശക്തമായ വിക്ടോറിയൻ യാഥാസ്ഥിതിക ക്രിസ്ത്യൻ പൗരോഹിത്യവീക്ഷണങ്ങൾക്കെതിരെ ശാസ്ത്രപ്പൊരുൾ വിളിച്ചുപറഞ്ഞ ഗലീലിയോ, ബ്രൂണോ തുടങ്ങിയ മനീഷികളെ നിഷ്ക്കരുണം പീഡിപ്പിച്ച ചരിത്രങ്ങളും ഡാർവിന് നിശ്ചയമുണ്ടായിരുന്നു.

ഡാർവിന്റെ മതത്തോടുള്ള സമീപനത്തെപ്പറ്റി ഡാർവിന്റെ മകൻ ഫ്രാൻസിസ് ഡാർവിൻ എഴുതിയ ജീവചരിത്രത്തിൽ വിവരിക്കുന്നുണ്ട്. ആ ജീവചരിത്രഗ്രന്ഥം സത്യത്തിൽ ഡാർവിൻ സ്വന്തം മക്കൾക്ക് വായിക്കാൻ എഴുതിയ ആത്മകഥയായിരുന്നു. *Recollections of the Development of my Mind and Character* എന്ന പേരിൽ. മതം മനുഷ്യന് ഒരു സ്വകാര്യവസ്തുത മാത്രമാണ് എന്ന് ഡാർവിൻ വിശ്വസിച്ചിരുന്നു. താൻ ഒരിക്കലും ഒരു ദൈവനിഷേധി അല്ല എന്ന് അദ്ദേഹം വ്യക്തമാക്കിയിട്ടുണ്ട്. മതകാര്യങ്ങളിൽ ഇടപെട്ട് മറ്റുള്ളവരെ വേദനിപ്പിക്കുവാൻ ഡാർവിന് അശേഷം താല്പര്യമില്ലായിരുന്നു. 'I have never been an athiest (അവിശ്വാസി) in the sense of denying the existence of God. I think that, generally and more and more as I grow older, but not always, that an agnostic (ദൈവമുണ്ടോ എന്ന് നിശ്ചയമില്ലാത്തയാൾ) would be the more correct description of my state of mind" അദ്ദേഹം പറഞ്ഞു.

തനിക്ക് പ്രിയപ്പെട്ട സിദ്ധാന്തത്തിനെതിരെ തെളിവുകൾ ഉന്നയിക്കപ്പെട്ടാൽ അത് ഉപേക്ഷിക്കാൻ തന്റെ മനസ്സ് വിശാലമാണെന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്.

## ആരോപണങ്ങൾ

ശാസ്ത്രലോകം വരവേറ്റ 'Origin of Species' നെ പൗരോഹിത്യവും അവരുടെ പക്ഷവും പരിഹസിച്ചു. കുരങ്ങ് പരിണമിച്ച് മനുഷ്യനായതാണ് എന്ന കണ്ടെത്തലിനോട് ചിലർ പ്രതികരിച്ചത്. "ഹേ ഡാർവിൻ, താങ്കൾ ആൾക്കുരങ്ങിൽ നിന്ന് പരിണമിച്ചത് മുത്തച്ഛൻ വഴിക്കോ മുത്തശ്ശി വഴിക്കോ എന്ന് ചോദിച്ചുകൊണ്ടാണ് വാനരകേസ് (Monkey case) എന്ന പേരിൽ അറിയപ്പെട്ട വ്യവഹാരമായി ഈ പ്രശ്നം 1924-ൽ അമേരിക്കൻ സുപ്രീം കോടതിയിൽ എത്തി. പരിണാമവാദം ശരിവച്ച് വിധിയും ഉണ്ടായി. ഡാർവിന്റെ കാലത്ത് കുരങ്ങിൽ നിന്നു പരിണമിച്ചതിന്റെ നാണക്കേട്കൊണ്ട് ആത്മഹത്യക്ക് ശ്രമിച്ചവരുമുണ്ട്. കുരങ്ങിന്റെ ശരീരവും ഡാർവിന്റെ തലയുമുള്ള പടംകൊണ്ട് കാർട്ടൂണുകൾ സൃഷ്ടിക്കപ്പെട്ടു. അധിക്ഷേപ വർഷംകൊണ്ട് ഡാർവിന്റെ കുടുംബം അനുഭവിച്ച മനോവ്യഥയ്ക്ക് അതിരില്ല.

## നിയോഡാർവിനിസം

ജനറ്റിക്സ് അഥവാ പാരമ്പര്യശാസ്ത്രത്തിന് ജൈവശാസ്ത്ര മേഖലയിൽ ഡാർവിനിസത്തിന് പുത്തൻ ഉർവ്വും വ്യത്യാസവും നൽകാൻ കഴിഞ്ഞിട്ടുണ്ട്. ആധുനിക ശാസ്ത്രീയ ചിന്തയുടെ ഒഴിവാക്കാനാകാത്ത ചിന്താണ് പരിണാമവാദം. ഡാർവിനെ തുടർന്ന് ഏറെ പ്രതിഭാധനന്മാർ ഈ വിഷയത്തിൽ കൂടുതൽ ആഴത്തിൽ പഠനങ്ങൾ നടത്തിയിട്ടുണ്ട്. ജനറ്റിക്സിൽ ഉൾപ്പെടെ അങ്ങനെ പരിണാമസിദ്ധാന്തത്തിന് പുതിയ രൂപവും ഉള്ളടക്കവും കൈവന്നിരിക്കുന്നു. ഇതിനാണ് നിയോ ഡാർവിനിസം എന്ന് ഡാർവിന്റെ ബഹുമാനാർത്ഥം പേരിട്ടിരിക്കുന്നത്.

അന്ധവിശ്വാസങ്ങളുടെ പുകമറയെ വീശിമാറ്റുന്ന മനുഷ്യധിഷണയുടെ കൊടുങ്കാറ്റുകൾ മനുഷ്യജീവിതത്തിന് സൗന്ദര്യമേറ്റുന്നു, ഒപ്പം കാലത്തെ പുറകോട്ടടിക്കുന്ന പ്രതിലോമകാരികളും ഭൂഗോളത്തിൽ സജീവമാണ്. കരുതിയിരിക്കുക! ■

Dr. P.S. Mohanakumar
*SS College, Kalady*



# How India Calculates Inflation

- India's method of calculating inflation is wrong as there are serious flaws in the methodologies used by the government.
- India uses the Wholesale Price Index (WPI) to calculate and then decide the inflation rate in the economy.
- Most developed countries use the Consumer Price Index (CPI) to calculate inflation.

## Wholesale Price Index (WPI)

WPI was first published in 1902, and was one of the more economic indicators available to policy makers until it was replaced by most developed countries by the Consumer Price Index in the 1970s.

WPI is the index that is used to measure the change in the average price level of goods traded in wholesale market. In India, a total of 435 commodities data on price level is tracked through WPI which is an indicator of movement in prices of commodities in all trade and transactions. It is also the price index which is available on a weekly basis with the shortest possible time lag only two weeks. The Indian government has taken WPI as an indicator of the rate of inflation in the economy

## Consumer Price Index (CPI)

CPI is a statistical time-series measure of a weighted average of prices of a specified set of goods and services purchased by consumers. It is a price index that tracks the prices of a specified basket of consumer goods and services, providing a measure of inflation. \CPI is a fixed quantity price index and considered by some a cost of living index. Under CPI, an index is scaled so that it is equal to 100 at a chosen point in time, so that all other values of the index are a percentage relative to this one.

the main problem with WPI calculation is that more than 100 out of the 435 commodities included in the Index have ceased to be important from the consumption point of viewThe WPI is published on a weekly basis and the CPI, on a monthly basis.

And in India, inflation is calculated on a weekly basis . India constituted the last WPI series of commodities in 1993-94; but has not updated it till now that economists argue the Index has lost relevance and can not be the barometer to calculate inflation.

## Finance Commission of India

The Finance Commission is constituted to define financial relations between the Center and the States. Under the provision of Article 280 of the constitution, the President appoints a Finance Commission for the specific purpose of devolution of non-plan revenue resources. So far 13 Finance Commissions have been appointed which are as follows:

Finance Commissions Appointed Finance Commission Year of Establishment Chairman Operational Duration First 1951 K.C Neogy 1952-57 Second 1956 K.Santhanam 1957-62 Third 1960 A.K. Chanda 1962-66 Fourth 1964 P.V. Rajamannar 1966-69 Fifth 1968 Mahaveer Tyagi 1969-74 Sixth 1972 K. Brahmananda Reddy 1974-79 Seventh 1977 J.M. Shellet 1979-84 Eighth 1983 Y.B. Chavan 1984-89 Ninth 1987 N.K.P.Salve 1989-95 Tenth 1992 K.C Pant 1995-2000 Eleventh 1998 A.M.Khusro 2000-2005 Twelfth 2003 C.Rangarajan 2005-2010 [Thirteenth] 2007 Vijay Kelkar 2010-2015

# CURRENT BOOKS THRISSUR

ROUND WEST ,THRISSUR 680 001
PH: 0487-2335660,FAX:0487-2335642

## PUBLISHERS & DISTRIBUTORS FOR

Malayalam, English, Children's Literature, Fiction, Drama, Cinema, Journalism, Poetry, Philosophy, Psychology, Sociology, Politics, History, Economics, Commerce, Mathematics, Botany, Zoology, Chemistry, Physics, Medical, Computer, Engineering, Law, Electronics, Mechanical, Civil, Chemical Engineering, Veterinary, Agriculture, Aquaculture, etc.

## COSMO BOOKS

HO: Round West
Thrissur- 680 001
Phone: 0487-2335292, 2335570
Fax: 0487- 2335642
E-mail: cosmobooks@asianetindia.com

Br. Al-Ameen Bldg
Rly.Station Link Road
Kozhikode- 673002
Ph:0495-2703487
Fax:0495-2700049
E-mail:cosmoclt@eth.net

Br. Press Club Road
Ernakulam
Kochi-682011
Ph:0484-2353818

ഡോ. എം. ആർ. സുദർശനകുമാർ
എം.ജി.കോളജ്, തിരുവനന്തപുരം

# അദൃശ്യത എന്ന സ്വപ്നം സാക്ഷാത്കരിക്കാനാകുമോ?

അദൃശ്യ മനുഷ്യൻ എച്ച്.ജി.വെൽസിന്റെ പ്രശസ്തമായ ശാസ്ത്രനോവലാണ്. 1897 ലാണ് ഇത് പ്രസിദ്ധീകരിച്ചത്. ഗ്രിഫിൻ എന്ന ശാസ്ത്രജ്ഞനാണ് ഇതിൽ അദൃശ്യമനുഷ്യനാകുന്നത്. ഒരു വ്യക്തിയുടെ റിഫ്രാക്ടീവ് ഇൻഡക്സ് വായുവിന്റെ റിഫ്രാക്ടീവ് ഇൻഡക്സിനു തുല്യമാകുകയാണെങ്കിൽ ശരീരം പ്രകാശം പ്രതിഫലിപ്പിക്കുകയോ ആഗിരണം ചെയ്യുകയോയില്ലെന്ന് അദ്ദേഹം വാദിച്ചു. ഇത് സ്വയം പരീക്ഷിച്ച് ഗ്രിഫിൻ അദൃശ്യ മനുഷ്യനാകുന്നതും തുടർന്നുള്ള സംഭവങ്ങളുമാണ് നോവലിൽ പ്രതിപാദിച്ചിരിക്കുന്നത്. ഇങ്ങനെ വസ്തുക്കളെ അദൃശ്യമാക്കാൻ കഴിയണമെന്നത് മനുഷ്യരുടെ എക്കാലത്തേയും വലിയ സ്വപ്നമാണ്.

Barcelona University യിലെ ഭൗതിക വിഭാഗത്തിലെ ശാസ്ത്രജ്ഞർ dc metarmaterial എന്നൊരുപകരണം വികസിപ്പിച്ചെടുത്തു. വസ്തുക്കളെ ചിലതരം പ്രകാശത്തിൽ അദൃശ്യമാക്കുവാൻ ഈ ഉപകരണത്തിനു കഴിയും. വളരെ കുറഞ്ഞ ആവൃത്തിയുള്ള വൈദ്യുതകാന്തിക തരംഗത്തിന്റെ കാര്യത്തിലാണിത് സാധ്യമാകുക. ദൃശ്യപ്രകാശത്തിൽ വസ്തുക്കളെ അദൃശ്യമാക്കാനുള്ള ഉപകരണങ്ങൾ വികസിപ്പിച്ചെടുക്കുന്നതിന് ഒരുപടി കൂടി മുന്നോട്ടു പോകുവാൻ ഈ ഗവേഷണഫലം സഹായകരമാകുമെന്ന് ശാസ്ത്രജ്ഞർ കരുതുന്നു.



John Pendry, Ben Wood എന്നീ ശാസ്ത്രജ്ഞരുടെ ആശയമാണ് ശാസ്ത്രജ്ഞരുടെ ഗവേഷണത്തിനാധാരമായത്. John Pendry യെ metamaterials ന്റെ പിതാവ് എന്നാണ് വിശേഷിപ്പിക്കുന്നത്. ഒരു dc metamaterial എങ്ങനെ വികസിപ്പിച്ചെടുക്കാമെന്നതിന്റെ സൈദ്ധാന്തിക വിശദാംശങ്ങൾ അവർ പ്രതിപാദിച്ചു. Barcelona യിലെ Alvar Sanchez ന്റെ നേതൃത്വത്തിലുള്ള ശാസ്ത്രസംഘം ഈ വിശദാംശങ്ങളുപയോഗിച്ച് ഒരുപകരണം വികസിപ്പിച്ചെടുത്തു.

പ്രകാശം പ്രതിഫലിപ്പിക്കുകയോ ആഗിരണം ചെയ്യുകയോ ചെയ്യാത്ത എന്തെങ്കിലും കൊണ്ട് ഒരു വസ്തുവിനെ പൊതിയുകയാണെങ്കിൽ വസ്തുവിനെ അദൃശ്യമാക്കാം. ഇതുപോലെയുള്ള അദൃശ്യ മേൽകുപ്പായം അസാദ്ധ്യമാണെന്നാണ് ശാസ്ത്രജ്ഞൻ കരുതിയിരുന്നത്. പ്രകാശം കടന്നുപോകുന്ന മാധ്യമത്തിന്റെ വൈദ്യുത കാന്തിക സ്വഭാവങ്ങളാണ് പ്രകാശത്തിന്റെ പാത നിർണ്ണയിക്കുന്നത്. പ്രകാശത്തിന് ഈ സ്വഭാവങ്ങൾ മാററാൻ സാധിക്കാത്തതുകൊണ്ട് അദൃശ്യത സൃഷ്ടിക്കുക അസാദ്ധ്യമാണെന്നാണ് ശാസ്ത്രജ്ഞർ വിശ്വസിച്ചിരുന്നത്. ഈ സ്വഭാവങ്ങൾ metamaterials ഉപയോഗിച്ച് മാററാനാകുമെന്ന് പുതിയ ശാസ്ത്രഗവേഷണങ്ങൾ ചൂണ്ടികാട്ടുന്നു. ഇവയുടെ സവിശേഷത വൈദ്യുത കാന്തിക സ്വഭാവം കാരണം പ്രകാശം ആഗിരണം ചെയ്യുകയോ പ്രതിഫലിക്കുകയോ ചെയ്യില്ല. ആവൃത്തി കുറഞ്ഞ റേഡിയോവേവ്. മൈക്രോവേവ്. സ്ഥിരകാന്തികക്ഷേത്രം എന്നിവ ഉപയോഗിച്ചിന് ഗവേഷണങ്ങൾ നടക്കുന്നുണ്ട്.

Barcelona സർവകലാശാലയിലെ ശാസ്ത്രജ്ഞർ സൂപ്പർ കണ്ടക്ടറുകൾ ക്രമമല്ലാതെ പരസ്പരം ബന്ധിപ്പിച്ചാണ് metamaterial വികസിപ്പിച്ചെടുത്തത്. വളരെ ആവൃത്തി കുറഞ്ഞ വൈദ്യുത കാന്തികക്ഷേത്രത്തിലും, കാന്തികക്ഷേത്രത്തിലും, അദൃശ്യത സൃഷ്ടിക്കുവാൻ ഈ പദാർത്ഥത്തിനു കഴിയും. മസ്തിഷ്കത്തിന്റെയും ഹൃദയത്തിന്റേയും കാന്തിക ക്ഷേത്രമളക്കുമ്പോൾ മററ് കാന്തിക ക്ഷേത്രങ്ങളെ മറയ്ക്കുവാൻ ഈ ഗവേഷണ ഫലം സഹായകരമാകുമെന്ന് ശാസ്ത്രസംഘം അഭിപ്രായപ്പെട്ടു. കപ്പലുകളും മുങ്ങിക്കപ്പലുകളും കാന്തിക രീതിയുപയോഗിച്ച് കണ്ടുപിടിക്കുന്നത് തടയാനും ഈ material സഹായകരമാകും.

Avar sanchez ന്റെ നേതൃത്വത്തിലുള്ള ശാസ്ത്രസംഘത്തിൽ Carles Navau. Du-Xing Chen, Nuria del valle എന്നിവർ അംഗങ്ങളാണ്. Applied Physics Letters ലാണ് ഗവേഷണ ഫലം പ്രസിദ്ധീകരിച്ചത്. (www. enrekaalert.org)

എ. ജി. ഒലീന
വി.ടി.എം.എൻ.എസ്.എസ്. കോളജ്, ധനുവച്ചപുരം

# ജൻഡർ ബജററിംഗ്
## ആശയവും സാധ്യതയും

സ്ത്രീ പുരുഷന്മാർ തമ്മിൽ നിലനിൽക്കുന്ന അധികാര ശ്രേണീ ബന്ധം സാമൂഹിക നിർമ്മിതി തന്നെയാണെന്ന ആശയമാണ് ജെൻഡർ എന്ന പരികല്പനയ്ക്കടിസ്ഥാനം. വ്യത്യസ്ത പദവികളും അധികാരശ്രേണീ ബന്ധങ്ങളും നിലനിൽക്കുമ്പോൾ, ഇതര സാമൂഹിക ഇടപെടലുകളിലെ വ്യത്യസ്തതപോലെ ബജററിന്റെ കാര്യത്തിലും ഇരുകൂട്ടരും തമ്മിൽ വ്യത്യസ്തത പുലർത്തുന്നുണ്ട്.



ഉപരിഘടനയിലെ സാംസ്കാരികരൂപങ്ങളെ കൈകാര്യം ചെയ്തുകൊണ്ടുമാത്രം നേടിയെടുക്കാവുന്ന ഒരു സാധ്യതയല്ല സ്ത്രീശാക്തീകരണമെന്ന് ഇന്ന് തിരിച്ചറിയപ്പെട്ടുകഴിഞ്ഞിട്ടുണ്ട്. അക്ഷരം കൊടുത്തും ഭാഷയെ തിരുത്തിയും ആവിഷ്ക്കാരങ്ങളിൽ രൂപഭേദം വരുത്തിയും സ്ത്രീയവസ്ഥയുടെ ശീലങ്ങളെ ചോദ്യം ചെയ്യുന്ന രീതിക്ക് ഏതാണ്ട് ഒരു നൂററാണ്ടോളമെങ്കിലും പഴക്കമുണ്ട്. കൂടുതൽ സൂക്ഷ്മവും വേണ്ടത്ര വ്യാജവും ആയ വഴികളിലൂടെ ഇത്തരം ചോദ്യങ്ങളെ മറികടക്കാനും നമുക്കു കഴിഞ്ഞിട്ടുണ്ട്. അതിനാൽ സ്ത്രീപദവി സംബന്ധിയായ ചർച്ചകൾ ഇനിയും മണ്ണിൽ ഇറങ്ങി വന്നേ നടത്താൻ കഴിയൂ. സ്ത്രീയുടെ സാമൂഹ്യാവസ്ഥ, സാമ്പത്തികാവസ്ഥ ഇവയൊക്കെ ഗൗരവമായി ചർച്ച ചെയ്യാൻ തയ്യാറാകുന്നതോടുകൂടിയാണ് ജൻഡർ സംവേദനക്ഷമമായ ബജററ് (gender responsive budget) എന്ന ആശയം തന്നെ കടന്നുവരുന്നത്.

സ്ത്രീ പുരുഷന്മാർ തമ്മിൽ നിലനിൽക്കുന്ന അധികാര ശ്രേണീ ബന്ധം സാമൂഹിക നിർമ്മിതി തന്നെയാണെന്ന ആശയമാണ് ജെൻഡർ എന്ന പരികല്പനയ്ക്കടിസ്ഥാനം. വ്യത്യസ്ത പദവികളും അധികാരശ്രേണീ ബന്ധങ്ങളും നിലനിൽക്കുമ്പോൾ, ഇതര സാമൂഹിക ഇടപെടലുകളിലെ വ്യത്യസ്തതപോലെ ബജററിന്റെ കാര്യത്തിലും ഇരുകൂട്ടരും തമ്മിൽ വ്യത്യസ്തത പുലർത്തുന്നുണ്ട്. ഇന്ത്യയിലെ പുരോഗമന വനിതാ സംഘടനകൾ 2006 ൽ പാർലമെന്റിൽ ഉന്നയിച്ച സ്ത്രീ പ്രശ്നങ്ങൾ അന്നത്തെ

പാർലമെൻറംഗങ്ങൾ അവഗണിച്ചുവെങ്കിലും അന്നത്തെ ധനകാര്യമന്ത്രി ചിദംബരം സ്ത്രീപക്ഷബജററ് തയ്യാറാക്കുന്നതിനെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. ഗവൺമെൻറിൻെറ പൊതു ചെലവുകളും റവന്യൂ വരുമാനവും സ്ത്രീ/പുരുഷ പരിഗണനയോടെ പരിശോധിക്കുന്നരീതി പിന്തുടരുന്ന 40 ലധികം ലോകരാഷ്ട്രങ്ങളുണ്ട്. 1984 ൽ ആസ്ട്രേലിയൻ ഗവൺമെൻറ് സ്വീകരിച്ച ഈ നയപരിപാടി, സ്ത്രീകളെയും പെൺകുട്ടികളെയും എപ്രകാരമാണ് ഒരു ബജററ് ബാധിക്കുന്നതെന്നു ചർച്ച ചെയ്യുന്നു. 1995 മുതൽ ദക്ഷിണാഫ്രിക്കയിൽ നടപ്പാക്കിയ സ്ത്രീ/പുരുഷ പരിഗണനാപരമായ ബജററ് ലോകത്തെമ്പാടും ചർച്ച ചെയ്യപ്പെടുകയും ചെയ്തിട്ടുണ്ട്. രാജ്യത്തു സാമ്പത്തിക പദ്ധതികൾ നടപ്പാക്കുമ്പോൾ സ്ത്രീ/പുരുഷന്മാർക്കിടയിൽ സംഭവിക്കുന്ന ധനവിനിയോഗ അസമത്വം വിലയിരുത്തുകയും വിവിധ വകുപ്പുകൾ അതിനുള്ള പരിഹാരമാർഗ്ഗങ്ങൾ സ്വീകരിക്കുകയും ചെയ്യുന്ന നടപടിയും ദക്ഷിണാഫ്രിക്കയിൽ നടപ്പാക്കിവരുന്നുണ്ട്.

സ്ത്രീ/പുരുഷസംബന്ധിയായ സാമൂഹ്യയാഥാർത്ഥ്യങ്ങൾ വെവ്വേറെ പരിഗണിക്കുന്ന ധനകാര്യവകുപ്പിൻെറ നടപടിയാണ് ഇത്തരം ബജററിൻെറ കാതലായവശം. സ്ത്രീകൾക്കു മാത്രമുള്ളതോ പൊതുപദ്ധതികളിൽ വനിതാ ഘടകങ്ങൾക്ക് ഉദ്ദേശിച്ചതോ ആയ പരിപാടികൾക്ക് തുക നീക്കിവയ്ക്കലും പ്രധാനമാണ്. സ്ത്രീകൾക്കും കുട്ടികൾക്കുമായി പദ്ധതികൾ രൂപകൽപന ചെയ്യേണ്ടതുണ്ട്. സ്ത്രീകളുടെ ജീവിതായോധനശേഷി വർദ്ധിപ്പിക്കാനുള്ള പരിശീലന പദ്ധതികൾക്കായി തുക നീക്കിവയ്ക്കുകയും വേണം. മാത്രമല്ല പൊതുബജററ് പരിപാടികൾ സ്ത്രീകളെ എപ്രകാരം ബാധിക്കുന്നുവെന്ന നിരീക്ഷണവും അനിവാര്യമാണ്. റവന്യൂ വരുമാനം വർദ്ധിപ്പിക്കാൻ നിത്യോപയോഗ സാധനങ്ങളുടെ മേൽ തീരുവ വർധിപ്പിക്കുമ്പോൾ അത് ഏറെ ദോഷകരമായി ബാധിക്കുന്നത് സ്ത്രീകളെയാണ്. പുരുഷാധിപത്യം നിലനിൽക്കുന്ന കുടുംബവ്യത്തങ്ങളിൽ വിലവർധനവിൻെറ അധികഭാരം സ്ത്രീകളുടെ ജീവിതദുരിതം പെരുപ്പിക്കുന്നു.

2008-09, 2009-10 വർഷങ്ങളിലെ കേരള ബജററുകൾ സ്ത്രീപദവി ഉയർത്തുന്നതിനുള്ള തുടക്കം കുറിച്ചിട്ടുണ്ടെന്നത് ആശാവഹമാണ്. മാത്രമല്ല, സംസ്ഥാനത്ത് ലിംഗപദവി തുല്യതയുള്ള (gender equality) ഒരു സമൂഹസൃഷ്ടിക്കായി സംസ്ഥാന വനിതാനയം രൂപീകരിച്ചു പ്രഖ്യാപിക്കുകയും നയപരിപാടികൾ നടപ്പിലാക്കിവരികയും ചെയ്യുന്നുവെന്നതും കാണേണ്ടതുണ്ട്. അപ്പോഴും ബജററിൽ പണം നീക്കിവച്ചതുകൊണ്ടുമാത്രം അവ വിനിയോഗിക്കപ്പെടണമെന്നില്ല എന്ന വസ്തുതയും വിസ്മരിച്ചുകൂടാ. മാത്രമല്ല. നമ്മുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വനിതാ ഘടകപദ്ധതിയുടെ വിനിയോഗത്തെ കാര്യക്ഷമമായി വിലയിരുത്തുകയും ചെയ്യേണ്ടതുണ്ട്. അതോടൊപ്പം ആഗോളീകരണത്തിൻെറ വർത്തമാനസാഹചര്യത്തിൽ ജെൻഡർ ബജററിങ്ങിനെപ്പററി കൃത്യമായ ധാരണയും സമീപനവും സ്വീകരിക്കേണ്ടതുണ്ട്. സ്ത്രീവിഭാഗത്തോട് സവിശേഷ പരിഗണനയോടെ ബജററ് തയ്യാറാക്കുന്നരീതി, സ്ത്രീകളുടെ ജീവിതപുരോഗതിയെ സഹായിക്കുന്ന ഉപകരണമാവണമെങ്കിൽ ജനാധിപത്യവും സമാവകാശവും പാലിക്കുന്ന വീക്ഷണം പുലർത്തണം. ദാരിദ്ര്യനിർമ്മാർജ്ജന പ്രവർത്തനരേഖകളിലും കടാശ്വാസപരിപാടികളിലും സാമ്പത്തിക പ്രശ്നങ്ങൾക്കുള്ള സർവരോഗവിനാശിനിയായ ഒററമൂലിയായി ലോകബാങ്കും ഐ.എം.എഫും കാണുന്നത്. സ്ത്രീപരിഗണനാ ബജററാണെന്നതും നമ്മൾ സൂക്ഷ്മബുദ്ധിയോടെ കാണേണ്ടതുണ്ട്. ■




*Some holy doves look for*
*A place to build nests*
*On the slender branches*
*Of human hearts*
*Certain societies*
*Bacance noble communities*
*Thus castes were born*
*Still Koran mourns his birth*
*With an empty stomach*
*For a humble gruel*
*In the star-lit night*
*Three sages seek to unravel*
*The mystery of the Dharma*
*At the birth of the prophet*
*Idols merrily dance*
*To celebrate the espousal*
*Of their faith*
*By a neophyte*
*Freeing themselves*
*From the tipsiness of opium*
*Some simpletons seek*
*New Vedantha*
*Doves are found dead*
*Breathing venom*
*From human hearts*

കെ. എസ്. ജയചന്ദ്രൻ
എസ്.കെ.വി. കോളജ്, തൃശ്ശൂർ
കൺവീനർ, എ.കെ.പി.സി.ടി.എ സർവ്വീസ് സെൽ

# 6 –ാം യു.ജി.സി. ശമ്പളപരിഷ്കരണം ഒറ്റനോട്ടത്തിൽ

1. കോളജുകളിലും യൂണിവേഴ്സിറ്റികളിലും മൂന്ന് തരത്തിലുള്ള അധ്യാപക തസ്തികൾ മാത്രമേ ഉണ്ടാകുകയുള്ളൂ.
   i) അസിസ്റ്റന്റ് പ്രൊഫസ്സർ
   ii) അസ്സോസ്സിയേറ്റ് പ്രൊഫസ്സർ
   iii) പ്രൊഫസ്സർ

   പ്രൊഫസ്സർ ആയി സ്ഥാനക്കയറ്റം ലഭിക്കുന്നതിന് പി.എച്ച്. ഡി. നിർബ്ബന്ധമാണ്.
2. അധ്യാപകരുടെ ശമ്പളം രണ്ട് പേ ബാന്റുകളിലായി നിജപ്പെടുത്തും
   i) പേബാന്റ് - 3 : 15600 - 39100
   ii) പേബാന്റ് - 4 : 37400 - 67000

   പേ ബാന്റിലെ ശമ്പളത്തിന് പുറമെ തസ്തികക്കനുസരിച്ചുള്ള അക്കാദമിക് ഗ്രേഡ് പേ (AGP)യും ലഭിക്കുന്നതാണ്.
3. കോളജുകളിലെ ഓരോ പി.ജി. വിഭാഗത്തിലും ഓരോ പ്രൊഫസ്സർ തസ്തിക സൃഷ്ടിക്കുന്നതാണ്. യു.ജി വിഭാഗത്തിൽ ആകെയുള്ള അസ്സോസ്സിയേറ്റ് പ്രൊഫസ്സർമാരുടെ പത്ത് ശതമാനം വരുന്ന പ്രൊഫസ്സർ തസ്തിക സൃഷ്ടിക്കും.
4. അസിസ്റ്റന്റ് പ്രൊഫസ്സർ നിയമനത്തിന് നെറ്റ് (NET) നിർബ്ബന്ധമാണ്. എന്നാലും യു.ജി.സി. നിർദ്ദേശിക്കുന്ന നിബന്ധനകൾ പാലിച്ച്കൊണ്ട് പി.എച്ച്.ഡി. ബിരുദം കരസ്ഥമാക്കിയ നെറ്റിൽ നിന്ന് ഒഴിവാക്കും.
5. 1.1.2006-ൽ 8000 - 13500 ശമ്പളസ്കെയിലുള്ള ലക്ചറർ തസ്തികയുടെ പേര് 6000 രൂപ അക്കാദമിക് ഗ്രേഡ്പേയുള്ള അസിസ്റ്റന്റ് പ്രൊഫസ്സർ എന്നാക്കുകയും അവരുടെ ശമ്പളം 15600 - 39100 എന്ന പേ ബാന്റിൽ അനുയോജ്യമായ സ്ഥാനത്ത് നിർണ്ണയിക്കുകയും ചെയ്യും.

| 1.1.2006 ലെ അടിസ്ഥാന ശമ്പളം | പേ ബാന്റിലെ പുതുക്കിയ ശമ്പളം | AGP | 1.1.2006ലെ പുതിയ അടിസ്ഥാന ശമ്പളം |
|---|---|---|---|
| 8000 | 15600 | 6000 | 21600 |
| 8275 | 15600 | 6000 | 21600 |
| 8550 | 15910 | 6000 | 21910 |
| 8825 | 16420 | 6000 | 22420 |
| 9100 | 16930 | 6000 | 22930 |
| 9375 | 17740 | 6000 | 23440 |
| 9650 | 17950 | 6000 | 23950 |

6. 1.1.2006ൽ 10000 - 325 - 13500 ശമ്പളസ്കെയിലുള്ള സീനിയർ ലക്ചറർമാരുടെ തസ്തികളുടെ പേര് 7000 രൂപാ അക്കാദമിക് ഗ്രേഡ്പോലുള്ള അസിസ്റ്റന്റ് പ്രൊഫസ്സർ എന്നാക്കുകയും അവരുടെ ശമ്പളം 15600 - 39100 പേ ബാന്റിൽ യഥാസ്ഥാനത്ത് നിർണ്ണയിക്കുകയും ചെയ്യുന്നതാണ്.

| 1.1.2006 ലെ അടിസ്ഥാന ശമ്പളം | പേ ബാന്റിലെ പുതുക്കിയ ശമ്പളം | AGP | 1.1.2006ലെ പുതിയ അടിസ്ഥാന ശമ്പളം |
|---|---|---|---|
| 10000 | 18600 | 7000 | 25600 |
| 10325 | 19210 | 7000 | 26210 |
| 10650 | 19810 | 7000 | 26810 |
| 10975 | 20420 | 7000 | 27420 |
| 11300 | 21020 | 7000 | 28020 |
| 11625 | 21630 | 7000 | 28630 |

7. 1.1.2006ൽ 12000 - 420 - 18300 ശമ്പളസ്കെയിലിൽ മൂന്ന് വർഷം സർവ്വീസ് പൂർത്തിയാക്കിയ സെലക്ഷൻ ഗ്രേഡ് ലെക്ചറർ / റീഡർമാരെ 9000 രൂപാ അക്കാദമിക് ഗ്രേഡ്പോലുള്ള അസ്സോസ്സിയേറ്റ് പ്രൊഫസ്സർമാർ ആക്കുകയും അവരുടെ ശമ്പളം 37400 - 67000 പേബാന്റിൽ നിർണ്ണയിക്കുകയും ചെയ്യും.

| 1.1.2006 ലെ അടിസ്ഥാന ശമ്പളം | പേ ബാന്റിലെ പുതുക്കിയ ശമ്പളം | AGP | 1.1.2006ലെ പുതിയ അടിസ്ഥാന ശമ്പളം |
|---|---|---|---|
| 13260 | 37400 | 9000 | 46400 |
| 13680 | 37400 | 9000 | 46400 |
| 14100 | 37400 | 9000 | 46400 |
| 14520 | 37400 | 9000 | 46400 |
| 14940 | 38530 | 9000 | 47530 |
| 15360 | 38530 | 9000 | 47530 |
| 15780 | 39690 | 9000 | 48690 |
| 16200 | 39690 | 9000 | 48690 |
| 16620 | 40890 | 9000 | 49890 |
| 17040 | 40890 | 9000 | 49890 |
| 17460 | 42120 | 9000 | 51120 |
| 17880 | 42120 | 9000 | 51120 |
| 18300 | 43390 | 9000 | 52390 |

8. 1.1.2006ൽ സെലക്ഷൻ ഗ്രേഡ് ലക്ചറർ/റീഡർ ആയി 3 വർഷം പൂർത്തിയാക്കാത്ത അധ്യാപകരുടെ ശമ്പളം 8000 രൂപാ അക്കാദമിക് ഗ്രേഡ്പേയിൽ 15600 - 39100 പേ ബാന്റിൽ യഥാസ്ഥാനത്ത് നിർണ്ണയിക്കുകയും, സെലക്ഷൻ ഗ്രേഡിൽ /റീഡർ ആയി 3 വർഷം പൂർത്തിയാക്കുന്ന മുറക്ക് 37400 - 67000 എന്ന ഉയർന്ന പേ ബാന്റിൽ പെടുത്തി അസ്സോസ്സിയേറ്റ് പ്രൊഫസ്സർമാരാക്കുകയും ചെയ്യും. സെലക്ഷൻ ഗ്രേഡ് ലക്ചറർ/റീഡർ ആയി മൂന്നുവർഷം പൂർത്തിയാക്കാത്തവരെ തൽക്കാലം സെലക്ഷൻ ഗ്രേഡ് ലക്ചറർ/ റീഡർ എന്ന് വിളിക്കുകയും 37400 - 67000 പേ ബാന്റിൽ വരുന്നസമയത്ത് അവരെ അസ്സോസ്സിയേറ്റ് പ്രൊഫസ്സർ എന്ന് വിളിക്കുകയും ചെയ്യും.

| 1.1.2006 ലെ അടിസ്ഥാന ശമ്പളം | പേ ബാന്റിലെ പുതുക്കിയ ശമ്പളം | AGP | 1.1.2006ലെ പുതിയ അടിസ്ഥാന ശമ്പളം |
|---|---|---|---|
| 12000 | 22320 | 8000 | 30320 |
| 12420 | 23110 | 8000 | 31110 |
| 12840 | 23890 | 8000 | 31890 |

9. യു.ജി.സി. നിർദ്ദേശിച്ചിരിക്കുന്ന നിബന്ധനകൾ പാലിച്ച്കൊണ്ട് പി.എച്ച്.ഡി. എം.ഫിൽ. ബിരുദത്തോടുകൂടി ജോലിയിൽ പ്രവേശിക്കുന്ന അസ്സോസ്സിയേറ്റ് പ്രൊഫസ്സർമാർക്ക് 5/2 മുൻകൂർ ഇൻക്രിമെന്റുകൾ ലഭിക്കുന്നതാണ്. സർവ്വീസ്സിലിരിക്കുന്ന സമയത്ത് പി.എച്ച്.ഡി/ എം.ഫിൽ ബിരുദം ലഭിക്കുന്നവർക്ക് 3/1 മുൻകൂർ ഇൻക്രിമെന്റുകൾ ലഭിക്കുന്നതാണ്.

10. പേ ബാന്റിലെ ശമ്പളവും അക്കാദമിക് ഗ്രേഡ്പേയും ചേർത്ത് കിട്ടുന്ന സംഖ്യയുടെ മൂന്ന് ശതമാനം വരുന്ന തുകയാണ് വാർഷിക ഇൻക്രിമെന്റ്. പി.എച്ച്.ഡി/എം.ഫിൽ ബിരുദധാരികൾക്ക് ലഭിക്കുന്ന മുൻകൂർ ഇൻക്രിമെന്റുകൾ നോൺ - കോംപൗണ്ടിംഗ് രീതിയിലുള്ളതാണ്. ശമ്പളപരിഷ്കരണത്തിന്ശേഷം എല്ലാ അധ്യാപകരുടേയും വാർഷിക ഇൻക്രിമെന്റ് തീയതി ഒന്നുതന്നെയാണ് : ജൂലൈ 1.

11. 1.1.2006ന് ശേഷം ഒരു അധ്യാപകന് സ്ഥാനക്കയറ്റം ലഭിച്ചിട്ടുണ്ടെങ്കിൽ ശമ്പള പുനർ നിർണ്ണയം ചെയ്യുന്നതാണ്. അടിസ്ഥാന ശമ്പളത്തിന്റെ 3% വരുന്നതുക (10ന്റെ അടുത്ത ഗുണിതത്തിന് ശരിയായിട്ടുള്ളത്) പേബാന്റിലെ ശമ്പളത്തോടുകൂടി കൂടുന്നു. ഇതായിരിക്കും പേ ബാന്റിലെ പുതുക്കിയ ശമ്പളം. ഇതിന്റെ കൂടെ സ്ഥാനക്കയറ്റം ലഭിച്ച തസ്തികയുടെ അക്കാദമിക് ഗ്രേഡ്പേയും കൂടി കൂട്ടിക്കിട്ടുന്ന തുകയായാണ് പുതുക്കിയ അടിസ്ഥാന ശമ്പളം. എന്നിരുന്നാലും, വളരെയധികം ശമ്പളവ്യത്യാസം വരുന്നതുകൊണ്ട്, 15600-39100 പേബാന്റിൽ നിന്ന് 37400 - 67000 പേ ബാന്റിലേക്ക് സ്ഥാനക്കയറ്റം ലഭിക്കുമ്പോൾ ഇത്തരത്തിൽ 3% വരുന്ന തുക കൂട്ടിക്കൊടുക്കുകയില്ല.

12. 1.1.2006ൽ ക്ഷാമബത്ത ഇനത്തിൽ ഒന്നും ലഭിക്കുകയില്ല. അതിന്ശേഷമുള്ള ക്ഷാമബത്ത നിരക്കുകൾ താഴെ ചേർക്കുന്നു.

| തീയതി | ക്ഷാമബത്ത നിരക്ക് | തീയതി | ക്ഷാമബത്ത നിരക്ക് |
|---|---|---|---|
| 1.7.2006 | 2% | 1.1.2008 | 12% |
| 1.1.2007 | 6% | 1.7.2008 | 16% |
| 1.7.2007 | 9% | 1.1.2009 | 22% |

അവലംബം :
1) 31.12.2008 ലെ I - 32/2006 - UIT/ UI (1) നമ്പരായുള്ള MHRD നോട്ടിഫിക്കേഷൻ
2) 4.6.2009 ലെ F. 3-1/2009 - UI നമ്പരായുള്ള MHRD യുടെ കത്ത്.
3) 29.08.2008ലെ 1/1/2008 - IC നമ്പരായുള്ള കേന്ദ്രഗവൺമെന്റ് ശമ്പള പരിഷ്കരണ ഉത്തരവ്.

പ്രൊഫ. കെ. എസ്. ജയചന്ദ്രൻ
മേഘന, മണ്ണുത്തി പി.ഒ., തൃശ്ശൂർ- 680 651, ഫോൺ: 0487-2371971



K.V. Dominic
*Newman College, Thodupuzha*

# A Nightmare

I had a nightmare the overnight;
turned into a hawk, I was hovering in the sky.

I could view the cry of an obese boy
whose mother was beating him to eat more.
A cry of a different note was heard from the next door,
where a bony child was crying out of hunger.

A wedding feast was served in the town hall,
where expensive delicacies heaped on the plates.
I could see two ragged girls outside
struggling with the dogs in the garbage bin.

My wings took me to a public school;
A boy in tears stood on the verandah:
A punishment for not wearing his tie!
In the humid weather of forty degree
a slavish mimic, a legacy of the West.

What's that long queue I find before that shop?
Like a line of ants before their hole.
God, It's a liquor shop run by the government!
That leper who begged at my door is also in the line!
A similar queue is found on the other side,
where poor women wait for their rations.

Then I found a public water tap
that changed the road to a black coloured river.
Elsewhere I noticed a waterless tap
which could draw like a magnet
all the pots of the neighbourhood.

See, what a mansion that double-storeyed edifice!
Luxury rooms with A/C, lawn and swimming pool;
An old man and his wife resided there;
sitting at the phone with sighs and moans,
longed for the calls from their sons abroad.
Not far away were the slums of the city;
Three generations lived in each hut;
Grandpa, grandma, their sons and their wives,
and their little kids sleep in a room!

The terrible sights filled my eyes with tears;
I could see nothing more;
neither did I wish for it;
The siren sounded at five
and I woke up from the nightmare

# National Executive Council Meeting

## Report

The National Executive Council (NEC) of AIFUCTO was held at St.Antony's College, Shillong on 6th July, 2009. Prof.P.Regunath, General Secretary and Dr.V.Rajendran, Treasurer attended the meeting on behalf of AKPCTA.

The NEC reviewed the progress in the implementation of UGC Scales in the wake of orders on pay scales and fitment table issued by MHRD and forwarded by the UGC to various universities and State Governments. Apart from Central Universities the new scales have been implemented in Goa and Arunachal Pradesh. Tamil Nadu and West Bengal have released a part of the arrears. The NEC appealed to all State Governments to immediately implement the scales without waiting for the issuance of regulations, as has been made clear by MHRD. It also pointed out that the implementation of the scales were de-linked from the implementation of the regulations during the last pay revision.

The NEC also decided to make a close study of Yash Pal Committtee recommendations with a view to formulating AIFUCTO's policy in this regard. The first national seminar in this connection will be held at Pune in the month of August. The NEC has appealed to all affiliates to hold similar programmes on the basis of which the policy of AIFUCTO could be framed.

The NEC decided to hold the next statutory meeting at Gandhi Nagar, Gujarat on 10th, 11th and 12th of October, 2009.

# AIFUCTO DEMANDS CBI ENQUIRY IN PROF. SABHARWAL MURDER CASE



Prof. Thomas Joseph, President and Prof. Asok Barman, General Secretary, All India Federation of University and College Teachers' Organizations termed the acquittal of all six accused in the case of murder of Prof. H.S. Sabharwal at Ujjain on the campus of Madhav College in Madhya Pradesh by a Nagpur court as most unfortunate. They noted that the trial was transferred to the court outside the state where the heinous crime was committed as it was feared that the ends of justice would not be met by trying the case in Madhya Pradesh where the ruling party's commitment to the accused was widely known. While the court was convinced of the factum of assault on the professor on the campus of Madhav College leading to his death, it said that the prosecution had "miserably failed" to prove the case against the accused. The Government of Madhya Pradesh should find itself in the dock after the scathing remarks of the court about the failure of the prosecution to prove the charges against the accused.

While extending sympathy and support to the beleaguered family of late Prof. Sabharwal in its fight for justice, AIFUCTO appeals to the Union Government to have the case reinvestigated by Central Bureau of Investigation (CBI) so that the culprits are brought to book and a stern message given to criminal gangs which vandalize the peace and tranquility of the hallowed precincts of educational institutions.

# ഏജീസ് ഓഫീസ് സമരം

## എ കെ പി സി ടി എ, എ കെ ജി സി ടി ധർണ്ണ നടത്തി




അന്യായമായി പിരിച്ചുവിട്ട ഏജീസ് ഓഫീസ് ഉദ്യോഗസ്ഥൻ സഖാവ്. കെ. മാനുവലിനെ തിരിച്ചെടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഏജീസ് ഓഫീസ് ജീവനക്കാർ നടത്തുന്ന സമരത്തിന് അനുഭാവം രേഖപ്പെടുത്തിക്കൊണ്ട് എ കെ പി സി ടി എയുടെയും എ കെ ജി സി ടി യുടെയും സംയുക്താഭിമുഖ്യത്തിൽ 2009 ജൂൺ 29 ന് രാവിലെ 10 മണി മുതൽ വൈകുന്നേരം 6 മണിവരെ ധർണ്ണ നടത്തുകയുണ്ടായി. ധർണ്ണ കേരള സർവകലാശാലാ സിൻറിക്കേററംഗം സ.വി.എസ്. രാജീവ് ഉദ്ഘാടനം ചെയ്തു. സ.സൈമൺ ബ്രിട്ടോ എം എൽ എ, സമരസഹായസമിതി ജനറൽ കൺവീനർ സ.എം.കൃഷ്ണൻ എന്നിവർ സംസാരിച്ചു. എ കെ പി സി ടി ഐ ജനറൽ സെക്രട്ടറി പ്രൊഫ. രഘുനാഥ്, എ കെ ജി സി ടി ജനറൽ സെക്രട്ടറി പ്രൊഫ.കെ.ജയകുമാർ, എ കെ പി സി ടി എ വനിതാ കൺവീനർ ഡോ.ലേഖാനരേന്ദ്രൻ, എ കെ പി സി ടി എ സെക്രട്ടറി ഡോ.കെ.ശ്രീവത്സൻ, എ കെ ജി സി ടി വനിതാ കൺവീനർ ഡോ.പി.ശ്രീകല, കേരള സർവകലാശാല സിൻറിക്കേററംഗം മുഹമ്മദ് കുഞ്ഞ് എന്നിവർ സംസാരിച്ചു. ധർണ്ണയിൽ 150ൽപ്പരം പേർ പങ്കെടുത്തു.

# ഡോ.എ.പി.കുട്ടികൃഷ്ണന് അനുമോദനവും കുടുംബസംഗമവും



എ.കെ.പി.സി.ടി.എയുടെ മുൻ സംസ്ഥാന പ്രസിഡൻറ് ഡോ.എ.പി.കുട്ടികൃഷ്ണൻ കണ്ണൂർ സർവകലാശാലാ പ്രൊ-വൈസ് ചാൻസലറായി നിയമിക്കപ്പെട്ടു. സംഘടനയുടെ പ്രവർത്തകസമിതിയംഗമെന്ന നിലയിൽ സജീവ പ്രവർത്തകൻ എന്ന നിലയിലും ഉജ്ജ്വലമായ സമര പോരാട്ടങ്ങൾക്ക് നേതൃത്വം കൊടുത്ത ഡോ. കുട്ടികൃഷ്ണന് എ.കെ.പി.സി.ടി.എ കണ്ണൂർ-കാസർകോഡ് ജില്ലാ കമ്മിററിയുടെ ആഭിമുഖ്യത്തിൽ സമുചിതമായ അനുമോദനം നൽകുകയുണ്ടായി. അനുമോദന യോഗത്തോടനുബന്ധിച്ച് സംഘടനാ അംഗങ്ങളുടെ കുടുംബസംഗമവും സംഘടിപ്പിച്ചു. കുടുംബയോഗവും അനുമോദനവും പങ്കാളിത്തം കൊണ്ടും സംഘാടനത്തിലെ ലാളിത്യം കൊണ്ടും അതീവ ഹൃദ്യമായിരുന്നു. കണ്ണൂർ വിസ്മയപാർക്കിനോടനുബന്ധിച്ചുള്ള കമ്മ്യൂണിററി ഹാളിൽ നടന്ന അനുമോദനയോഗം എ കെ പി സി ടി എ സംസ്ഥാന പ്രസിഡൻറ് പ്രൊഫ.കെ.ശശിധരൻ ഉദ്ഘാടനം ചെയ്തു. സംഘടനയുടെ ജനറൽ സെക്രട്ടറി പ്രൊഫ.പി.രഘുനാഥ് സംസ്ഥാനട്രഷറർ ഡോ. വി.രാജേന്ദ്രൻ നായർ, സംസ്ഥാന സെക്രട്ടറി ഡോ.കെ.പ്രദീപ് കുമാർ കണ്ണൂർ സർവകലാശാല സിൻറിക്കേററംഗം പ്രൊഫ.വി.കുട്ട്യൻ തുടങ്ങിയവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. യോഗത്തിൽ ഡോ.കുട്ടികൃഷ്ണൻ അനുമോദനങ്ങൾക്കും ആശംസകൾക്കും മറുപടി പറഞ്ഞു. ജില്ലാ പ്രസിഡൻറ് പ്രൊഫ. പി. ബാലകൃഷ്ണൻെറ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ജില്ലാ സെക്രട്ടറി ഡോ.പി.വി.രവീന്ദ്രൻ സ്വാഗതവും ജോയിൻറ് സെക്രട്ടറി പ്രൊഫ.പ്രമോദ് വെള്ളച്ചാൽ നന്ദിയും പറഞ്ഞു. സംഘടനാ അംഗങ്ങളും അവരുടെ കുടുംബാംഗങ്ങളും കുട്ടികളും എല്ലാമടങ്ങുന്ന വലിയൊരു കൂട്ടായ്മ ഈ യോഗത്തിൻെറ ഭാഗമായി രൂപപ്പെട്ടുവന്നു.

# The All Kerala Private College Teachers' Association

Shri. M.A Baby
Minister of Education
Government of Kerala

Respected Sir,

Sub: *Amendment of Acts of Universities of Kerala-proposal – submitted*
Ref: *1. G.O(MS) No. 47/97/H.Edn. dtd 25.03.1997*
*2. High Court Order in WP(C) 2551dtd. 13.2.2007*

As per rule 64 of the Kerala and Calicut Universities Acts and rule 68 of Mahatma Gandhi University Act and rule 71 of Kannur University Act , it is provided that teachers who are appointed by Corporate Managements at the colleges belonging to various university areas should not be transferred to colleges belonging to outside university area (Inter-university transfer norms). However, an Executive Order released on 25-3-1997 granted an opportunity to teachers working at the Malabar area to have a second option to another university favourable to them and as such they may be transfered to a college belonging to the university of their choice. But as per reference(ii) cited , Hon. High Court of Kerala has nullified that executive order and insisted that it will not stand above the University Act, and advised the Government of Kerala that it can, if necessary, proceed for an Act Amendment to this effect.

There are a considerable number of teachers working for over five years at the Malabar area and desires for having an opportunity to get transferred to the university of their choice. Because of the repeated demand from the part of those teachers the working committee of the AKPCTA has discussed the mater and resolved to evolve a draft proposal for the Amendment of the Universities Act in this direction with care that it may in no way affect the spirit and content of the existing Act concerning inter-university transfer rules.

Per se, we submit this proposal for your kind concern and favourable decision for the amendment without delay

Yours faithfully,

Prof.P.Reghunath
General Secretary

Thiruvananthapuram
29.06.2009

# GOVERNMENT OF KERALA

## Finance (GIS) Department

## CIRCULAR

No. 41/09/Fin.

*Dated, Thiruvananthapuram,*
*11 th May, 2009.*

*Sub:-* GIS—Revival/remittance of defaulted premia--Proposals for Government sanction—Further instructions—Orders issued

*Ref:-.* 1.Circular No. 1/2005/Fin. dated 6-1-2005.
2.Letter No. GR. 3/10388/08 dated 25-9-2008 from the Director of Insurance, Thiruvananthapuram.

As per the circular cited, all the Heads of Departments were instructed to ensure that the proposals for the remittance of defaulted premia/revival of Group Insurance Scheme should reach the Government through the Controlling Officers with the specific remarks of the District Insurance Officers with all Televant records. Despite these instructions, proposals are still being received without observing the procedure laid down in the circular or attaching the details required for processing the proposals. This causes much inconvenience and undue delay at Government level to dispose the cases.

As per the letter referred as second paper above the Director of Insurance has submitted an application format for the revival of membership in Group Insurance Scheme, for the approval of Government. Government have examined the matter in detail and are pleased to instruct all the Heads of Departments and Officers to ensure that all the details/documents as required in the application format appended to this Circular are enclosed with the proposals forwarded to the Government.

K. BABU,
*Additional Secretary (Finance),*


**ബ്രാഞ്ച് സെക്രട്ടറിമാരുടെ ശ്രദ്ധയ്ക്ക്**

ജേർണലിൽ പ്രസിദ്ധീകരിക്കാനുള്ള ലേഖനം, ചെറുകഥ, കവിത, തുടങ്ങിയ സാഹിത്യ സൃഷ്ടികൾ സർവ്വീസ് സംബന്ധമായ ചോദ്യങ്ങൾ, വിജ്ഞാനപ്രദമായ കുറിപ്പുകൾ, മററ് വാർത്തകൾ, ഫോട്ടോകൾ, പരസ്യങ്ങൾ ഇവയൊക്കെ ചീഫ് എഡിററർക്ക് അയയ്ക്കുക.

**വാർഷിക വരിസംഖ്യ 100 രൂപ മാത്രം**

**ബ്രാഞ്ചുകൾ ജേർണലിലേയ്ക്ക് പരസ്യം ശേഖരിച്ച് അടിയന്തിരമായി എത്തിക്കുക.**

പരസ്യങ്ങൾക്കുള്ള താരിഫ് കാർഡുകൾ ജില്ലാ സെക്രട്ടറിയിൽ നിന്നോ മാനേജിംഗ് എഡിറററിൽ നിന്നോ ലഭിക്കുന്നതാണ്.

*മാനേജിംഗ് എഡിറററുടെ വിലാസം*
**ഡോ. വി. ജയകുമാർ**
ഐശ്വര്യ, ററി. സി. 55/494,
ശാരദാ ഗാർഡൻസ് ലെയ്ൻ, നീറമൺകര
പാപ്പനംകോട് പി. ഒ, തിരുവനന്തപുരം -695 018,
ഫോൺ: 0471 -2491432

*ചീഫ് എഡിറററുടെ വിലാസം*
**ഡോ. എസ്. ജയരാജ്കുമാർ**
ഗീതാഞ്ജലി, 79 ഉള്ളൂർ ഗാർഡൻസ്,
കൊച്ചുള്ളൂർ, മെഡിക്കൽ കോളേജ് പി. ഒ
തിരുവനന്തപുരം- 695 011,
ഫോൺ: 0471-2440004

**ഓഫീസ്**
എ.കെ. പി. സി. ടി. എ സംസ്ഥാന കമ്മിററി ഓഫീസ്,
മാതൃഭൂമി റോഡ്, വഞ്ചിയൂർ, തിരുവനന്തപുരം- 695 035, ഫോൺ: 0471-2463494, ഫാക്സ്: 0471 - 2468984
E-mail:akpcta@sancharnet.in, www.akpcta.org

# UGC-ACADEMIC STAFF COLLEGE

versity of Kerala, Kariavattom Campus, Thiruvananthapuram.
www.ugcasc.keralauniversity.edu

## SCHEDULE OF PROGRAMMES FOR THE FINANCIAL YEAR 2009-20010

| | | |
|---|---|---|
| 1. | Orientation Programme (IT Oriented) | 18-07-2009 to 14-08-2009 |
| 2. | Refresher Course in English | 23-07-2009 to 13-08-2009 |
| 3. | Refresher Course in Human Rights | 08-08-2009 to 29-08-2009 |
| 4. | Refresher Course in Computer Science | 10-08-2009 to 31-08-2009 |
| 5. | Short–term Course for Research Guides in Languages | 14-09-2009 to 19-09-2009 |
| 6. | Short–term Course for Research Guides in Social Sciences | 14-09-2009 to 19-09-2009 |
| 7. | Short–term Course for Research Guides in Science | 22-09-2009 to 26-09-2009 |
| 8. | Workshop for Principals of Affiliated Colleges | 29-09-2009 to 30-09-2009 |
| 9. | Refresher Course in Physics | 05-10-2009 to 26-10-2009 |
| 10. | Orientation Programme (IT Oriented) | 20-10-2009 to 16-11-2009 |
| 11. | Refresher Course in Women's Studies | 28-10-2009 to 17-11-2009 |
| 12. | Refresher Course in Mathematics | 18-11-2009 to 09-12-2009 |
| 13. | Refresher Course in Life Sciences | 04-12-2009 to 24-12-2009 |
| 14. | Refresher Course in Comparative Literature | 01-01-2010 to 22-01-2010 |
| 15. | Refresher Course in Bioinformatics | 27-01-2010 to 17-02-2010 |
| 16. | Refresher Course in Commerce & Management | 18-02-2010 to 11-03-2010 |

**Read and Subscribe**

KERALA PRIVATE
COLLEGE TEACHER
*a monthly journal of AKPCTA*
*for copies contact*

**Annual Subscribtion Rs. 100/-**

AKPCTA State Committee Office,
Vanchiyoor, Thiruvananthapuram-35,
Phone: 0471- 2463494,
Fax: 0471-2468984, e-mail:akpcta@sancharnet.in, www.akpcta.org,

# പ്രൊഫ. രാജു അനുസ്മരണവും കുടുംബസഹായനിധി വിതരണവും




ശിവഗിരി ശ്രീനാരായണ കോളജ് ജിയോളജി വിഭാഗം അദ്ധ്യാപകനും എ.കെ.പി.സി.ടി.എയുടെ സജീവ പ്രവർത്തകനുമായിരുന്ന പ്രൊഫ. രാജുവിൻെറ അനുസ്മരണവും, എ.കെ.പി.സി.ടി.എ യുടെ വിവിധ ബ്രാഞ്ചുകളിൽ നിന്നും സമാഹരിച്ച പ്രൊഫ. രാജു കുടുംബസഹായനിധി വിതരണവും 2009 മാർച്ച് 30-ാം തീയതി ശിവഗിരി ശ്രീനാരായണ കോളജിൽ വച്ചുനടന്നു. എ.കെ.പി.സി.ടി. എ ജനറൽ സെക്രട്ടറി പ്രൊഫ. പി. രഘുനാഥ് മുഖ്യ അനുസ്മരണ പ്രഭാഷണം നടത്തി. കുടുംബസഹായനിധിയുടെ ആദ്യഗഡുവായ 7 ലക്ഷം രൂപയുടെ സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റ് എ.കെ.പി.സി.ടി.എ പ്രസിഡൻറ് കെ. ശശിധരനും എ.കെ.പി.സി.ടി.എ ജനറൽ സെക്രട്ടറി പ്രൊഫ. പി. രഘുനാഥും പ്രൊഫ. രാജുവിൻെറ കുടുംബത്തിന്







കൈമാറി. അനുസ്മരണ യോഗത്തിൽ എ. കെ. പി.സി.ടി.എ വൈസ് പ്രസിഡൻറ് ഡോ. ആർ. ബി. രാജലക്ഷ്മി, സംസ്ഥാന ട്രഷറർ ഡോ. വി. രാജേന്ദ്രൻ നായർ, സംസ്ഥാന സെക്രട്ടറി ഡോ. കെ. ശ്രീവത്സൻ, തിരുവനന്തപുരം ജില്ലാ സെക്രട്ടറി പ്രൊഫ. ആർ. മോഹനകൃഷ്ണൻ, സിൻറിക്കേററംഗം ഡോ. കെ. എൽ. വിവേകാനന്ദൻ, മുൻ ജനറൽ സെക്രട്ടറി ഡോ. ആർ. മോഹനകുമാർ കോളജ് പ്രിൻസിപ്പൽ പ്രൊഫ. വി. എസ്. ലീ, കെ.പി.സി.ടി. ചീഫ് എഡിററർ ഡോ. എസ്. ജയരാജ്കുമാർ തുടങ്ങിയവർ സംസാരിച്ചു. എ.കെ.പി.സി.ടി.എ സംസ്ഥാന പ്രസിഡൻറ് കെ. ശശിധരൻെറ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ബ്രാഞ്ച് സെക്രട്ടറി പ്രൊഫ. വി. സജീന സ്വാഗതവും ബ്രാഞ്ച് പ്രസിഡൻറ് പ്രൊഫ. എസ്. വിജയൻനായർ നന്ദിയും രേഖപ്പെടുത്തി.

R.No. 36025/81
No. 217

KERALA PRIVATE COLLEGE TEACHER

Registered No. KL/TV (N)35/2007-2009
Rs. 11/- JULY 2009

**Ested : 1927**

**Phone : 2476411, 2463255. Fax: 0471-2463255, Grams: "Radium"**
**TRIVANDRUM.**

# LABORATORY SUPPLIES COMPANY

M.G.Road, P.O. Box 27, TVM-1

**Dealers in Science Apparatus & Chemicals.**

**STOCKIST OF : NICE, GLAXO, SD-FINE CHEM, HIMEDIA, E-MERCK, SRL, RESEARCH CHEMICALS, SPAN & BIO LAB DIAGNOSTICS ETC. VENSIL, SCHOTT,JAIN GLASSWARES, DAIRY EQUIPMENTS ALL CLINICAL & SURGICAL EQUIPMENTS ETC.,**

Read and Subscribe

# ISDA Journal

**(Studies in Development and Administration)**

***A Quarterly Journal of the Institute for the Study of Developing Areas***

**SUBSCRIPTION RATES**

| | One Year | Three Years | Five Years | Life |
|---|---|---|---|---|
| Individuals | 250 | 650 | 1000 | 4000 |
| Institutions | 400 | 1000 | 1500 | |

**Please send subscription by cheque /DD to:**

The Executive Editor
Institute for the Study of Developing Areas
Ashwini, TC 28/1161, Sreekanteswaram,
Fort P.O Trivandrum - 695 023 Kerala, India.
Phone : 0471-2574992, 2574769, Mob: 0947260047, Fax: 91-471-2574992
Email: isda@rediffmail.com, drvrajendran@yahoo.co.in

Edited, Printed and Published by S. Viswanathan, AKPCTA State Committee Office, Vanchiyoor, Tvpm-35, Phone: 2463494, Fax: 0471-2468984, e-mail: akpctatvm@gmail.com, www.akpcta.org. Printing & Typeset: New Genial Printers, Tvpm-01, Ph: 3012141
Chief Editor: Dr. S. Jayaraj Kumar